വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ

59/2019/LSGD(OS)

RL 881437484IN

10 Rs. COURT FEE भारत INDIA दस रुपये TEN RUPEES

1

പ്രേക്ഷിതൻ,

വിജു.പി.
ഏത്തൻപാത ഹൗസ്
കണിമംഗലം, നെന്മാറ പി.ഒ
പാലക്കാട്-678508
Mob:9446018946

സ്വീകർത്താവ്,

സംസ്ഥാന പൊതുവിവരാവകാശ ഓഫീസർ
തദ്ദേശ സ്വയംഭരണവകുപ്പ്
കേരള സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

20 MAR 2019

സർ,

വിഷയം: **കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്നത് സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.**

ഒരു ഇൻഡ്യൻ പൗരൻ എന്ന പദവിയിൽ പൊതു വിവരാവകാശ നിയമം വകുപ്പ് 3 പ്രകാരം എനിയ്ക്കു ലഭിച്ചിട്ടുള്ള അവകാശം ഉപയോഗിച്ച് ചുവടെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുന്നു.

**ആവശ്യപ്പെടുന്ന വിവരങ്ങൾ**

1. കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ സ്ഥിതിചെയ്യുന്ന ഗാർഹികേതര ബഹുനില കെട്ടിട സമുച്ചയങ്ങളിൽ നികുതി നിർണ്ണയത്തിന് പ്ളിന്ത് ഏരിയ കണക്കാക്കുമ്പോൾ കേന്ദ്രീകൃത എയർ കണ്ടീഷൻ ഇല്ലാത്ത പൊതു സ്ഥലത്തിന്റെ ഏരിയ കൂടി ആനുപാതികമായി കേന്ദ്രീകൃത എയർകണ്ടീഷൻ ഉള്ള മറ്റ് മുറികളോടുകൂട്ടി ആകെ വിസ്തീർണ്ണത്തിനും ചട്ടം 6 പ്രകാരം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് ഉള്ള വകയിൽ അടിസ്ഥാന നികുതിയിൽ 10% വർദ്ധനവ് വരുത്തുന്നത് നിയമാനുസൃതമാണോ?
2. മേൽ സാഹചര്യത്തിൽ ആനുപാതികമായി മറ്റു വിസ്തീർണ്ണത്തോടുകൂട്ടുന്ന കേന്ദ്രീകൃത എയർ കണ്ടീഷൻ ഇല്ലാത്ത ഏരിയയ്ക്കും ഇല്ലാത്ത അടിസ്ഥാന സൗകര്യത്തിന്റെ മേൽ 10% അധികനികുതിചുമത്താൻ അധികാരപ്പെടുത്തിയിട്ടുള്ള നിയമവും വകുപ്പും വ്യക്തമാക്കുക.
3. ഒരു ഗാർഹികേതര കെട്ടിട സമുച്ചയത്തിൽ രണ്ട് വിഭാഗം മതവിശ്വാസികൾക്ക് യാതൊരു നിബന്ധനയും കൂടാതെ യഥേഷ്ടം പ്രാർത്ഥിക്കാനായി കെട്ടി മറിച്ച് പ്രത്യേകം മുറികളാക്കിയിട്ടുള്ള പ്രാർത്ഥനാലയത്തിന്റെ സ്ഥലത്തിന് നികുതി ഒഴിവ് നൽകാതെ പൊതുസ്ഥലമായി കണക്കാക്കി മറ്റ് ഏരിയകളോടുകൂട്ടി നികുതി ചുമത്തുന്നത് നിയമാനുസരണമാണോ?
4. മേൽ പ്രാർത്ഥനാലയങ്ങൾ നികുതി നിർണ്ണയത്തിൽനിന്നും ഒഴിവാക്കേണ്ടതല്ലേ?

5. മുനിസിപ്പാലിറ്റികളിൽ സ്ഥിതിചെയ്യുന്ന ഗാർഹികേതര കെട്ടിടസമുച്ചയങ്ങളിൽ ഓരോ മുറിയ്ക്കും പ്രത്യേകം പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. അവയിൽ ചില മുറികൾ അന്യർക്ക് വിൽക്കുകയും ജന്മം മാറ്റുകയും ചെയ്തിട്ടുണ്ട്. ബാക്കി മുറികളിൽ കുറച്ചു കെട്ടിട ഉടമസ്ഥനും, കുടുംബാംഗങ്ങളും വ്യത്യസ്ഥമായ വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ബാക്കി റൂമുകളിൽ ചിലത് ഒഴിഞ്ഞുകിടക്കുകയും കുറച്ചു റൂമുകൾ ചില വ്യക്തികൾ മാസവാടകയ്ക്ക് എടുക്കുകയും വ്യത്യസ്തമായ വ്യാപാര സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ മുനിസിപ്പാലിറ്റി അധികാരികൾ റൂമുകളുടെ ഉപയോഗക്രമമനുസരിച്ചുള്ള നികുതി നിരക്ക് പരിഗണിക്കാതെ കെട്ടിടത്തിന് ആകെ സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ കണക്കാക്കി ചതുരശ്രീ മീറ്ററിന് 140 രൂപ നിരക്കിൽ അടിസ്ഥാന നികുതി കണക്കാക്കിയിരിക്കുന്നു. ഓരോ റൂമിനും പ്രത്യേകം കെട്ടിട നമ്പർ നൽകിയിരിക്കുന്നതിനാലും അതിന്റെ ഉപയോഗക്രമം അനുസരിച്ചുള്ള നികുതി നിരക്കിലല്ലേ ഓലോ റൂമിന്റെയും അടിസ്ഥാന നികുതി കണക്കാക്കേണ്ടത്.

6. മേൽ കെട്ടിട സമുച്ചയത്തിൽ മൊത്തത്തിൽ കേന്ദ്രീകൃത നയൽ കണ്ടീഷൻ സംവിധാനം ഉണ്ടായിരുന്നെങ്കിലും, കാലപഴക്കം കൊണ്ട് തണുത്ത വായു കടത്തിവിടുന്ന പൈപ്പുകൾ അടഞ്ഞുപോകുകയും അറ്റകുറ്റപണികൾ നടത്തി അത് ശരിയാക്കാൻ കഴിയാത്ത സാഹചര്യം വരികയും ചെയ്തപ്പോൾ സമുച്ചയത്തിലെ പ്രത്യേകം കെട്ടിടനമ്പർ ഉള്ള ചില റൂമുകളിൽ സ്പ്ളിറ്റ് എ.സി വെയ്ക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ സ്പ്ളിറ്റ് എ.സി വെച്ച റൂമുകൾക്ക് കേന്ദ്രീകൃത എയർ കണ്ടീഷൻ സൗകര്യം ഉള്ളതായി പരിഗണിച്ച് അടിസ്ഥാന നികുതിയിൽ 10% അധിക നികുതി ചുമത്തിയത് നിയമപരമാണോ?

7. മുനിസിപ്പാലിറ്റികളിൽ സ്ഥിതിചെയ്യുന്ന ഗാർഹികേതര ബഹുനില കെട്ടിടസമുച്ചയത്തിൽ പൊതുജനങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള ശുചിമുറികൾക്ക് കെട്ടിട നികുതി ചുമത്തുന്നത് നിയമപരമാണോ?

8. മുനിസിപ്പാലിറ്റികളിൽ സ്ഥിതിചെയ്യുന്ന ഗാർഹികേതര ബഹുനില കെട്ടിടസമുച്ചയത്തിൽ പൊതുജനത്തിനായി ഉപയോഗിക്കാൻ നിർമ്മിച്ചിട്ടുള്ള ലിഫ്റ്റിന്റെ ഏരിയയ്ക്കു നികുതി ചുമത്തുന്നത് നിയമപരമാണോ ?

9. മേൽ കെട്ടിടങ്ങിൽ നിർമ്മിച്ചിട്ടുള്ള എസ്കലേറ്ററിന്റെ ഏരിയയ്ക്ക് നികുതി ചുമത്തുന്നത് നിയമപരമാണോ?

മറ്റുവിവരങ്ങൾ

മേൽവിലാസം മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് വിവരാവകാശ നിയമം 2005 വകുപ്പ് 8 പ്രകാരം വിവരങ്ങൾ നൽകുന്നതിൽനിന്നും ഒഴിവാക്കപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. അപേക്ഷ ഫീസിനത്തിൽ 10 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് അപേക്ഷയിൽ പതിച്ചിട്ടുണ്ട്.

പാലക്കാട്
16.03.18

വിശ്വസ്തതയോടെ

വിജു.പി

40 TCPCTP/740/2019-E3 16858/19 4/4/19

SPIO (Tech)

കേരള സർക്കാർ

നമ്പർ.ആർ.ഡി3/86/2019- തസ്വഭവ.

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി. 28/03/2019

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ വിജു.പി,
ഏത്തേൻപാത ഹൗസ്,
കണിമംഗലം, നെന്മാറ പി.ഒ,
പാലക്കാട്-678508

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005- മറുപടി- സംബന്ധിച്ച്
സൂചന:- താങ്കൾ സമർപ്പിച്ച 16/03//2019 തീയതിയിലെ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.ഒരു പൊതു അധികാര കേന്ദ്രത്തിന്റെ കൈവശത്തിലുള്ള വിവരം അത് ആവശ്യപ്പെട്ടയാൾക്ക് നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ബാധ്യതയുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ധാരണകൾക്ക് വിശദീകരണം നൽകാനോ അതിന് അനുകൂലമായോ വിരുദ്ധമായോ അഭിപ്രായം രേഖപ്പെടുത്താനോ ഉള്ള ബാധ്യതയില്ല. വിശദീകരണങ്ങൾ ആവശ്യപ്പെടുക, സംശയ നിവൃത്തി വരുത്തുക, വ്യാഖ്യാനങ്ങൾ , പരാതികൾക്ക് പരിഹാരം തേടുക എന്നിവ വിവരാവകാശത്തിന്റെ പരിധിയിൽ വരുന്നതുമല്ല. താങ്കളുടെ അപേക്ഷയിലെ രണ്ടാം ക്രമനമ്പർ ചോദ്യത്തിന് എന്തെങ്കിലും വിവരം നൽകാനുണ്ടെങ്കിൽ ആയത് താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. താങ്കളുടെ അപേക്ഷ തീർപ്പാക്കിയത് ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ചുവടെ ചേർത്തിരിക്കുന്ന അപ്പലേറ്റ് അതോറിറ്റി മുമ്പാകെ വിവരാവകാശ നിയമം 19 (1) പ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്

അപ്പലേറ്റ് അതോറിറ്റി: മുഹമ്മദ് റിയാസ്, ഡെപ്യൂട്ടി സെക്രട്ടറി & അപ്പലേറ്റ്
അതോറിറ്റി, തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്,
സെക്രട്ടറിയറ്റ് അനക്സ്, തിരുവനന്തപുരം. Ph: 0471 2518651

വിശ്വസ്തതയോടെ

(ഒപ്പ്)

മദീന ബീഗം.എ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

പകർപ്പ് :
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം
തിരുവനന്തപുരം

സൂചന അപേക്ഷയിൻമേൽ വിവരം നൽകാനുണ്ടെങ്കിൽ ആയത് അപേക്ഷകന് നേരിട്ട് നൽകുന്നതിനായി പ്രസ്തുത അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.